മാതൃഭൂമി

Seed

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 37 OCTOBER 2024

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: Shutterstock




# ലോക ഭക്ഷ്യദിന പോസ്റ്റർ മത്സരം 2024

നമുക്കും സമൂഹത്തിനും ലോകത്തിനും ഗുണകരമായ ഒരു കാര്യം ചെയ്യാൻ ഇഷ്ടമുണ്ടോ? അതിനുള്ള അവസരം ഇതാ. ലോക ഭക്ഷ്യദിന പോസ്റ്റർ മത്സരത്തിൽ ചേരൂ, നിങ്ങളുടെ സർഗാത്മകത എല്ലാവരും കാണട്ടെ. വൈവിധ്യമുള്ളതും പോഷകപ്രദവും സുരക്ഷിതവും എല്ലാവർക്കും ലഭ്യമാവുന്നതുമായ ഭക്ഷണങ്ങളുടെ പ്രാധാന്യം വെളിപ്പെടുത്തുന്നതായിരിക്കണം പോസ്റ്റർ. A3 വലുപ്പമാണ് അഭികാമ്യം. വിദ്യാർഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും മത്സരത്തിൽ പങ്കെടുക്കാം. 815701000 എന്ന വാട്സാപ്പ് നമ്പറിലേക്ക് പോസ്റ്ററിന്റെ ഡിജിറ്റൽരൂപം അയക്കണം. World Food Day Poster Contest 2024 എന്നും അയക്കുന്ന ആളിന്റെ പേരും സ്കൂൾവിലാസവും ചേർക്കണം. രക്ഷിതാവാണെങ്കിൽ സ്വന്തം പേരിനൊപ്പം വിദ്യാർഥിയുടെ പേരും സ്കൂൾവിലാസവുമാണ് നൽകേണ്ടത്. 2024 ഒക്ടോബർ 25 രാത്രി 11 മണിക്കുമുൻപ് ലഭിക്കുന്ന പോസ്റ്ററുകൾ മത്സരത്തിന് പരിഗണിക്കും. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനം!



എഡിറ്റോറിയൽ

# അവകാശമാണ് ഭക്ഷണം

'ഭക്ഷണം' എന്നത് വൈവിധ്യം, പോഷകാഹാരം, താങ്ങാനാവുന്ന വില, സുരക്ഷ എന്നിവയെ പ്രതിനിധാനംചെയ്യുന്നു. എല്ലാവരുടെയും പ്രയോജനത്തിനായി കൂടുതൽ വൈവിധ്യമാർന്ന പോഷകാഹാരങ്ങൾ നമ്മുടെ വയലുകളിലും വിപണികളിലും മേശകളിലും ലഭ്യമാകണം. മനുഷ്യാവകാശങ്ങളിൽ (മറ്റ് ജീവജാലങ്ങളുടെയും) ഏറ്റവും പ്രധാനമാണ് ഭക്ഷണത്തിനുള്ള അവകാശം. എല്ലാവർക്കും ആവശ്യത്തിന് നല്ല ഭക്ഷണം ലഭ്യമാവുക എന്നതാണ് ഈ അവകാശത്തിന്റെ ശരിയായ അർഥം. 1966- ലെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവകാശങ്ങളുടെ അന്താരാഷ്ട്ര ഉടമ്പടിയിലെ (ICESCR) ആർട്ടിക്കിൾ 11 - ൽ നിയമപരമായ ബാധ്യതയായി ഭക്ഷണത്തിനുള്ള അവകാശത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. 171 രാജ്യങ്ങൾ ഇത് അംഗീകരിച്ചിട്ടുമുണ്ട്. എന്നാൽ ഇപ്പോഴും ലോകത്തൊട്ടാകെ 733 ദശലക്ഷത്തോളം ആളുകൾ പട്ടിണി നേരിടുന്നു. ആവർത്തിച്ചുള്ള കാലാവസ്ഥാ ആഘാതങ്ങൾ, സംഘർഷങ്ങൾ, സാമ്പത്തികമാന്ദ്യങ്ങൾ, അസമത്വം, പകർച്ചവ്യാധികൾ എന്നിവയാണ് പട്ടിണിയുടെ പ്രധാന കാരണങ്ങൾ. ബാക്ടീരിയ, വൈറസ്, രാസവസ്തുക്കൾ, കീടങ്ങളും മറ്റ് ജീവികളും ഇവയൊക്കെ ഭക്ഷണം മലിനമാകുന്നതിന് കാരണമാവുന്നു. മലിനമായ ഭക്ഷണം കഴിക്കുന്നതിലൂടെ ഓരോ വർഷവും 600 ദശലക്ഷത്തിലധികം ആളുകൾ രോഗികളാകുന്നു; 4,20,000 പേർ മരിക്കുകയും ചെയ്യുന്നു.





# പ്രകൃതിയുടെ ശ്വാസകോശം

പ്രകൃതിയുടെ ഒരു പ്രധാന ഘടകമാണ് വനം. ഒരുകാലത്ത് മനുഷ്യനും കാടുതന്നെയായിരുന്നു വീട്. കായ്കനികൾ ഭക്ഷിച്ചും മൃഗങ്ങളെ വേട്ടയാടിയും വൃക്ഷശിഖരങ്ങളിലും മറ്റും ഉറങ്ങിയുമായിരുന്നു അവർ ജീവിച്ചിരുന്നത്. അപൂർവമായ നിരവധി ജീവികൾക്കും സസ്യങ്ങൾക്കും വനം ഒരു അഭയകേന്ദ്രമാണ്. പ്രകൃതിയുടെ ശ്വാസകോശമാണ് വനം. സുഗന്ധദ്രവ്യങ്ങളും വ്യവസായത്തിനുവേണ്ട തടിമുതൽ പാചകത്തിനുവേണ്ട വിറകുവരെ എത്രയെത്ര വിഭവങ്ങളാണ് നമ്മൾ വനത്തിൽനിന്ന് ശേഖരിക്കുന്നത്. വിഷവാതകങ്ങൾ സ്വീകരിച്ച് പകരം പ്രാണവായു സമ്മാനിക്കുന്നവയാണ് മരങ്ങളും സസ്യങ്ങളും. എന്നിട്ടും മനുഷ്യരായ നമ്മൾ വനങ്ങൾ നശിപ്പിക്കുന്നു. കാടിന്റെ ഏറ്റവും വലിയ ശത്രു മനുഷ്യൻതന്നെ. വനനശീകരണത്തിന്റെ ഫലമായി ചിലയിനം സസ്യങ്ങളും മൃഗങ്ങളും ഭൂമിയിൽനിന്ന് എന്നന്നേക്കുമായി അപ്രത്യക്ഷമായി. ഐക്യത്തിന്റെയും ത്യാഗത്തിന്റെയും പാഠമാണ് കാട് നമ്മെ പഠിപ്പിക്കുന്നത്. വനങ്ങളെ നശിപ്പിക്കരുത്, അത് നമ്മുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാണ്. കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ നമുക്ക് നമ്മുടെ വനത്തെയും ഭാവിതലമുറയെയും സംരക്ഷിക്കാം.

ഫാത്തിമത്ത് ഹസ്ന കെ., ക്ലാസ്-9
ക്രെസന്റ് ഇംഗ്ലീഷ് സ്കൂൾ, അജാനൂർ
കാസർകോട്



# മലയ്ക്കും കടലിനും നടുവിൽ

**ഭൂ**മധ്യരേഖയ്ക്കടുത്ത് എട്ട് ഡിഗ്രിക്കുള്ളിൽ സ്ഥിതിചെയ്യുന്ന കേരളത്തിൽ നല്ല ചൂടും സൂര്യപ്രകാശവും ലഭിക്കുന്നതിനാൽ ഇവിടം മരുഭൂമിയാകേണ്ടതായിരുന്നു. എന്നാൽ പടിഞ്ഞാറുഭാഗത്തെ കടലും കിഴക്കൻ സഹ്യാദ്രി മലനിരകളുമുള്ളതുകൊണ്ടാണ് കേരളം മൺസൂണിലൂടെ സമശീതോഷ്ണമേഖലയായിമാറിയത്. ഇത്തരം സവിശേഷതകളുള്ള ഒരു പ്രദേശം ലോകത്തിൽ മറ്റൊരിടത്തും ഇല്ലെന്നത് നാം തിരിച്ചറിയുന്നില്ല. കായലുകൾ, 44 നദികൾ, നൂറുകണക്കിന് പുഴകൾ, ലക്ഷക്കണക്കിന് കിണറുകൾ, കുളങ്ങൾ, നീരുറവകൾ, വർഷത്തിൽ നല്ല രണ്ട് മഴക്കാലം, വേനലിലും മഴ എന്നിവയെല്ലാംകൊണ്ട് ജലസമ്പന്നമാണെങ്കിലും കേരളത്തിൽ ജലപ്രതിസന്ധി വളരെയേറെയാണ്. മഴക്കാലങ്ങളിൽ വെള്ളപ്പൊക്കം, പ്രളയം, ദുരിതാശ്വാസപരിപാടികൾ; മഴ മാറിയാൽ ജലക്ഷാമം, വരൾച്ച ദുരിതാശ്വാസപരിപാടികൾ ഇതാണ് നമ്മുടെ ശീലം. പ്രകൃതിയുടെയും മഴയുടെയും സ്വന്തം ദേശമായ കേരളത്തിൽ എന്തുകൊണ്ട് ജലക്ഷാമം ഉൾപ്പെടെ സംഭവിക്കുന്നുവെന്നത് നാം ഗൗരവമായി മനസ്സിലാക്കുന്നില്ല.

അൻവിത
S.N. ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂൾ
തോട്ടട, കണ്ണൂർ



# ഓണത്തുമ്പീ വായോ...

ഇന്ത്യയുൾപ്പെടെയുള്ള ഏഷ്യൻരാജ്യങ്ങളിൽ കാണപ്പെടുന്ന നീർമുത്തൻ കുടുംബത്തിലുള്ള ഒരു കല്ലൻ തുമ്പിയാണ് ഓണത്തുമ്പി. ഓഗസ്റ്റ് മുതൽ ഡിസംബർ വരെയാണ് ഇവ കേരളത്തിൽ കാണപ്പെടുന്നത്. ഓണക്കാലത്ത് പെട്ടെന്ന് പ്രത്യക്ഷപ്പെടുന്നതിനാൽ ഇവയെ ഓണത്തുമ്പി എന്ന് വിളിക്കുന്നു. കണ്ണുകൾ ഇരുണ്ട തവിട്ട് നിറത്തിൽ കാണപ്പെടുന്നു. ആൺതുമ്പികളും പെൺതുമ്പികളും കാഴ്ചയിൽ ഒരുപോലെയാണ്. കൊതുകുകളും ചെറിയ പ്രാണികളും ആണ് ഇവയുടെ പ്രധാന ആഹാരം. കൊതുകുകളുടെ നിയന്ത്രണത്തിൽ ഇവ ഒരു പ്രധാന ഘടകംതന്നെയാണ്. ഓന്ത്, ആനറാഞ്ചി തുടങ്ങിയ ജീവികൾ ഇവയെ ആഹാരമാക്കുന്നു. ഇന്ന് ഇത്തരം തുമ്പികളെ അപൂർവമായിമാത്രമേ കാണുന്നുള്ളൂ. കൊതുകുകളുടെ എണ്ണം കൂടി നമ്മളുടെ നാട്ടിൽ കൊതുകുജന്യരോഗങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ കൊതുകുകളെ നിയന്ത്രിക്കാൻ ഓണത്തുമ്പിയെ തിരികെ കൊണ്ടുവന്നേമതിയാകൂ. അതിനായി നമുക്ക് നീരുറവകളെല്ലാം ശുദ്ധമായി സംരക്ഷിക്കാം.

തീർത്ഥ അഭിലാഷ്
കൊയ്പള്ളി കാരാണ്മ ഹൈസ്കൂൾ
ആലപ്പുഴ

ഈ ഫോട്ടോ കാണാം

# കാൽവരി മൗണ്ട്
# ഇടുക്കി




മാതൃഭൂമി ആകാശപ്പച്ച
2024 ഒക്ടോബർ

ഡോൺ ബിജു
ക്ലാസ്-7
എസ്.ജി.യു.പി. സ്കൂൾ, മൂലമറ്റം

# ചെറുപയർ കൗതുകം

നമ്മുടെ അടുക്കളയിൽ നിത്യസാന്നിധ്യമാണ് ചെറുപയർ. ഞങ്ങളുടെ സ്കൂൾതോട്ടത്തിലും ചെറുപയർ കൃഷിചെയ്തു. രസകരമായ അനുഭവമായിരുന്നു അത്. വിത്തുകൾ തിരഞ്ഞെടുത്ത് ആരോഗ്യമുള്ള നിലമൊരുക്കി വിത്ത് പാകി. ജൈവവളങ്ങൾ നൽകി ചെടികളെ പോഷിപ്പിച്ചു. വിത്ത് മുളച്ച് ചെടിയായിമാറുന്നത്, പൂക്കൾ ഉണ്ടാകുന്നത്, പയർ ആകുന്നത് എല്ലാം കുട്ടികൾ ഡയറിയിൽ കുറിച്ചു. വിളവെടുപ്പു ദിവസം കുട്ടികൾക്ക് വലിയ കൗതുകവും സന്തോഷവും ആയിരുന്നു. ആദ്യമായിട്ടായിരുന്നു മിക്ക കുട്ടികളും ചെറുപയർകൃഷി നേരിട്ട് കാണുന്നത്. അങ്ങനെ സ്കൂളിനും നാടിനും മാതൃകയായി ഞങ്ങളുടെ ചെറുപയർകൃഷി.





മിനി കെ., അധ്യാപിക
കുറ്റിയിൽ എ.യു.പി. സ്കൂൾ
പടിയം, വെട്ടം



*പുലരിത്തൂമഞ്ഞുതുള്ളിയിൽ*
*പുഞ്ചിരിയിട്ടു പ്രപഞ്ചം...*
*ഭാരം താങ്ങാനരുതാതെ*
*നീർമണി വീണുടഞ്ഞു...*
*വീണുടഞ്ഞു...*

# മിഴിതുറക്കുന്ന പ്രപഞ്ചം

പ്രപഞ്ചത്തിലെ മനോഹരമായ കാഴ്ചയാണ് കവി ഇവിടെ വർണിച്ചിരിക്കുന്നത്. പ്രഭാതത്തിൽ ചെറിയ മുത്തുമണികൾപോലെ മഞ്ഞുകണങ്ങൾ ചെടികളിൽ പറ്റിച്ചേർന്നിരിക്കാറുണ്ട്. ഈ ജലകണികകൾ വളരെ നേർത്ത് ഭാരം കുറഞ്ഞവയാണ്. എന്നാൽ പ്രപഞ്ചം മിഴിതുറക്കുന്നതുതന്നെ സൂര്യനിലൂടെയാണല്ലോ. സൂര്യരശ്മിയിൽനിന്ന് ചെറുമഞ്ഞുകണങ്ങൾക്ക് ഓടിയൊളിക്കാൻ കഴിയില്ലല്ലോ. പുഞ്ചിരി തൂകിക്കൊണ്ട് നിൽക്കുന്ന സൂര്യൻ ചെറുജലകണികയിലേക്ക് എത്തിനോക്കുമ്പോൾ ഭാരം കുറഞ്ഞ മഞ്ഞുതുള്ളികൾ, അലിഞ്ഞ് ഭൂമിയിലേക്ക് പതിക്കും. ഇവിടെ പാവം മഞ്ഞുതുള്ളിയുടെ നിസ്സഹായതയാണ് കവി വർണിച്ചിരിക്കുന്നത്.

ഗാനരചന: കാവാലം നാരായണപ്പണിക്കർ
സംഗീതം: ജി. ദേവരാജൻ
പാടിയത്: കെ.ജെ. യേശുദാസ്
സിനിമ: ഉത്സവപ്പിറ്റേന്ന്

ജി. അമൃത നായർ, ക്ലാസ്-9
ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂൾ
കവടിയാർ, തിരുവനന്തപുരം

ഇത് അതിശയം തന്നെ



# തിരയ്ക്കുമീതേ പറക്കും പരുന്തുകൾ

പ്രകൃതി ഒരു അതിശയമാണ്. ജീവനുള്ളതും ജീവനില്ലാത്തതുമെല്ലാം പ്രകൃതിയെ മനോഹരമാക്കുന്നു. ഞാൻ പ്രകൃതിയിൽ കണ്ട കൗതുകകരമായ കാഴ്ച, ആടിയുലയുന്ന തിരമാലകളുടെ മുകളിൽ ഉയർന്നുപറന്ന് മീനുകളെ കൊത്തിയെടുക്കുന്ന പരുന്തുകളാണ്. തിരമാലയുടെ ഒഴുക്ക് മനസ്സിലാക്കി ശ്രദ്ധയോടെ ഇരയെ പിടിക്കുന്ന പരുന്തിന്റെ സാഹസികപ്രകടനം എന്നെ ഒത്തിരി അതിശയിപ്പിച്ചു.

അഭിഷേക് ആന്റണി കെ.യു.
ആറാംക്ലാസ്
സെൻറ് ആൽബർട്സ് എച്ച്.എസ്.എസ്.
എറണാകുളം




# സൂര്യൻ മഞ്ഞയാണോ?

സൂര്യൻ മഞ്ഞയാണെന്ന് പലരും വിശ്വസിക്കുന്നു. സൂര്യോദയത്തിലും അസ്തമയത്തിലും സൂര്യനെ അങ്ങനെ കാണുന്നതുകൊണ്ടാണ് ഈ തെറ്റിദ്ധാരണ. പലപ്പോഴും ചിത്രങ്ങളിലും മറ്റും സൂര്യനെ ചുവപ്പോ മഞ്ഞയോ ആയി വരയ്ക്കാറുമുണ്ട്. യഥാർഥത്തിൽ സൂര്യൻ വെളുത്ത പ്രകാശം പുറപ്പെടുവിക്കുന്നു. സ്പെക്ട്രത്തിന്റെ എല്ലാ നിറങ്ങളും സൂര്യപ്രകാശത്തിൽ അടങ്ങിയിരിക്കുന്നു. നമ്മുടെ അന്തരീക്ഷം തരംഗദൈർഘ്യം കുറഞ്ഞ നീല, വയലറ്റ് നിറങ്ങൾ ചിതറിക്കുമ്പോഴാണ് മഞ്ഞ, ചുവപ്പ് നിറങ്ങൾ നമ്മുടെ കണ്ണുകളിൽ എളുപ്പത്തിൽ എത്തുന്നത്. അപ്പോഴാണ് സൂര്യൻ മഞ്ഞയായും ചുവപ്പായുമൊക്കെ കാണപ്പെടുന്നത്. ഭൂമിയുടെ അന്തരീക്ഷത്തിന് പുറത്ത്, സൂര്യൻ വെളുത്തതായി കാണപ്പെടും.

ആര്യനന്ദ പി.
എ.യു.പി. സ്കൂൾ, കണ്ണിയംപുറം
പാലക്കാട്

# സമുദ്രത്തിലെ അമ്ലീകരണം

ഉയരുന്ന ആഗോള താപനില സമുദ്രത്തിലെ ഉയർന്ന അമ്ലീകരണത്തിന്റെ പ്രാഥമികകാരണമാണ്. ഭൂമിയുടെ അന്തരീക്ഷത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന കാർബൺ ഡയോക്സൈഡിന്റെ മുപ്പതുശതമാനവും നമ്മുടെ സമുദ്രങ്ങൾ ആഗിരണംചെയ്യുന്നു. ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുന്നതുപോലെയുള്ള മനുഷ്യപ്രവർത്തനങ്ങൾ, ആഗോള കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായുള്ള കാട്ടുതീപോലെയുള്ള പ്രവർത്തനങ്ങൾ എന്നിവ ഉയർന്ന അളവിൽ കാർബൺ പുറന്തള്ളുന്നു. തുടർന്ന് ജലത്തിലേക്ക് ആഗിരണംചെയ്യപ്പെടുന്ന കാർബൺ ഡയോക്സൈഡിന്റെ അളവ് വർധിക്കുന്നു. ഇതിന്റെ ഫലമായി സമുദ്രത്തിലെ അസിഡിഫിക്കേഷനിൽ വ്യത്യാസം വരുന്നു. ഇത് ആവാസവ്യവസ്ഥയുടെ ഗുണനിലവാരത്തെ ബാധിക്കുന്നു. കൂടാതെ സമുദ്രജന്തുക്കൾ, ആഹാരശൃംഖല എന്നിവയിൽ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.



നിഹാല ആഷിം
ജി.യു.പി.എസ്., ഉദയനാപുരം
കോട്ടയം




ശാസ്ത്രീയ നാമം:
നിഗല്ല സാറ്റീവ
(Nigella sativa)

# കോലിഞ്ചി പൂവ്

പാരിജാതപ്പൂവിന്റെ സുഗന്ധമുള്ള കോലിഞ്ചി പൂവ് കാഴ്ചയിലും മനോഹരമാണ്. വേനൽക്കാലത്താണ് പൂക്കൾ പ്രത്യക്ഷപ്പെടുന്നത്. നല്ല വെള്ളനിറത്തിലുള്ള ഈ പൂവ് ഒരു കുലയായിട്ടാണ് ഉണ്ടാകുന്നത്. വെളുത്ത കുറ്റിപോലെ അതിലോലമായ പൂക്കൾ കാണുന്നു. പൂവ് മുഴുവൻ കൊഴിഞ്ഞുകഴിയുമ്പോൾ കിട്ടുന്ന കായ ഏലക്കായയോട് സാമ്യമുള്ളതാണ്. ഇഞ്ചി, ഏലം, കോലിഞ്ചി എന്നിവ ഒരു കുടുംബത്തിൽപ്പെട്ട സസ്യങ്ങളാണ്. കോലിഞ്ചിയുടെ കിഴങ്ങ് ഉരച്ചാൽ ചുണങ്ങിന് ശമനമുണ്ടാകും. കോലിഞ്ചിക്കായ ഹോമിയോമരുന്നുണ്ടാക്കാൻ ഉപയോഗിക്കുന്നു.

അഭിരാം എസ്., അഞ്ചാംക്ലാസ്
എസ്.വി.എൻ.എസ്.എസ്. യു.പി. സ്കൂൾ
കുന്നം, ചാലാപ്പള്ളി



# സൂര്യൻ

എന്തിനു ഞാൻ  ഉദിക്കുന്നു
എന്തിന്നസ്തമിക്കുന്നു...
നിന്റെ വികൃതികൾ
കാണുവാൻ വേണ്ടിയോ?
സുന്ദരിയായ ഭൂമിയെ
എന്തിനു നീ മുറിവേൽപ്പിക്കുന്നു?
പിഞ്ചു ബാല്യങ്ങളെ പോലും
പിച്ചി ചീന്തുന്ന നിനക്ക്
എന്തിനു ഞാൻ വെളിച്ചം പകരണം?
ക്ഷമയുടെ ഏറ്റവുമടിയിലെ
അതിരിൽ
ഒരു നാൾ ഞാൻ കണ്ണടയ്ക്കും!
സർവ നാശത്തിന്റെ കൂരിരുട്ടിൽ
നിന്റെ ക്രൗര്യം
താണ്ഡവമാടുന്നതെങ്ങനെ?

വൈഗ ശിവപ്രസാദ്
ബി.ഇ.എം. യു.പി. സ്കൂൾ
കൊയിലാണ്ടി

വർണച്ചിറക്
കഥ

# അവസാനത്തെ മരം



മനോഹരമായിരുന്നു നന്ദനം ഗ്രാമം. പൂക്കളുടെ സുഗന്ധമുള്ള കാറ്റ്, പക്ഷികളുടെ പാട്ടുകൾ... അങ്ങനെ സജീവമായിരുന്ന ഗ്രാമം. കാലം മാറി. വനനശീകരണവും മലിനീകരണവും ഗ്രാമത്തെ വന്ധ്യവും നിർജീവവുമാക്കി. മാലിന്യങ്ങൾക്കിടയിൽ ഉയർന്നുനിൽക്കുന്ന ഒറ്റമരത്തെ നോക്കിനിൽക്കുമ്പോൾ അമൃത തീരുമാനിച്ചു – തന്റെ ഗ്രാമത്തെ പുനരുജ്ജീവിപ്പിക്കണം.

അമൃത മരത്തെ എല്ലാ ദിവസവും നനച്ചു. പതുക്കെ മരം തളിർത്തു... പക്ഷികൾ തിരിച്ചുവന്നു, അവയുടെ ഈണങ്ങൾ അന്തരീക്ഷത്തിൽ നിറഞ്ഞു. അമൃത സുഹൃത്തുക്കളെ അണിനിരത്തി 'Guardians of the Earth' എന്ന സംഘം രൂപവത്കരിച്ചു. അവർ ഒരുമിച്ച് തൈകൾ നട്ടു, മലിനമായ തോടുകൾ വൃത്തിയാക്കി. അങ്ങനെ ഗ്രാമം പഴയപോലെ മനോഹരമായി. പ്രതിരോധത്തിന്റെ പ്രതീകമായ ഒറ്റമരം തലയുയർത്തി നിന്നു. സൂര്യാസ്തമയം വീക്ഷിച്ചുകൊണ്ട് അതിന്റെ ശിഖരങ്ങൾക്കടിയിൽ ഇരിക്കുമ്പോൾ, ചെറിയ പ്രവൃത്തികൾപോലും വലിയ മാറ്റത്തിന് കാരണമാകുമെന്ന് അമൃത ഉറപ്പാക്കി.

ശ്രീകൃപ, ക്ലാസ്-11
കാതോലിക്കേറ്റ് എച്ച്.എസ്.എസ്.,
പത്തനംതിട്ട

മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം

വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

## ഭക്ഷണം അവകാശമാണ്; മെച്ചപ്പെട്ട ജീവിതത്തിനും നല്ല ഭാവിക്കും വേണ്ടിയുള്ള അവകാശം!

Published by Mathrubhumi Seed